# ഏലൂർ നഗരസഭ
# സാധാരണ കൗൺസിൽ യോഗ നോട്ടീസ്

**G2-347/11**

മാന്യ മിത്രമെ,

ഏലൂർ നഗരസഭാകൗൺസിലിന്റെ ഒരു സാധാരണ കൗൺസിൽ യോഗം **31.07.2017 തിങ്കളാഴ്ച രാവിലെ 11.00-ന്** താഴെ പറയുന്ന അജണ്ടകൾ പരിഗണിക്കുന്നതിനായി കൗൺസിൽ ഹാളിൽ വച്ച് ചേരുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. താങ്കൾ കൃത്യ സമയത്ത് പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

**മുനിസിപ്പൽ ചെയർപേഴ്സൺ**

**എല്ലാ കൗൺസിൽ അംഗങ്ങൾക്കും**
**പകർപ്പ് : നോട്ടീസ് ബോർഡ്, എല്ലാ വകുപ്പു തലവന്മാർക്കും.**

**അജണ്ട: 1.**

R1-1316/15

വിഷയം : ഏലൂർ നഗരസഭ വക പാതാളം ഷോപ്പിംഗ് കോപ്ലക്സിലെ GF-8, FF-2, SF-13 എന്നീ കടമുറികൾ 28.07.2017 തീയതി രാവിലെ 11.30–ന് പുനർ ലേലം ചെയ്യുന്നതിനാൽ ടി. ലേലം അംഗീകരിക്കുന്ന വിഷയം ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

**അജണ്ട: 2.**

G1-1729/16

വിഷയം : സർക്കാർ ഉത്തരവ് (അച്ചടി) നം.56/2017/ധനവകുപ്പ് തീയതി: 28.04.2017 പ്രകാരം ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഡ്രൈവർമാരുടെ വേതനം 650/- രൂപയിൽ നിന്നും 685/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്. ടി. വർദ്ധനവിന് ഏപ്രിൽ 1, 2017 മുതൽ പ്രാബല്യമുണ്ട് എന്ന വിവരം ബഹു. കൗൺസിലിന്റെ അറിവിലേയ്ക്കായി.

**അജണ്ട: 3.**

R1-6195/17

വിഷയം : ഏലൂർ നഗരസഭ – തദ്ദേശ സ്വയംഭരണ വകുപ്പ് – വസ്തു നികുതി – വിമുക്ത ഭടൻ/വിമുക്ത ഭടന്റെ ഭാര്യ/വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഭവനങ്ങളെ വീട്ടുകരം അടയ്ക്കുന്നതിൽ നിന്നും

ഒഴിവാക്കിയത് വ്യവസ്ഥകൾ പരിഷ്കരിച്ച സർക്കാർ ഉത്തരവ് കൗൺസിലിന്റെ അറിവിലേയ്ക്ക്.

**അജണ്ട:** 4.

H1-5932/17

വിഷയം : ഏലൂർ നഗരസഭ – 22–ാം വാർഡിൽ ആനവാതിൽ ജംഗ്ഷനിൽ നിന്ന് പുത്തലം കടവിലേയ്ക്ക് പോകുന്ന മുനിസിപ്പൽ റോഡരികിലായി നിന്നിരുന്ന വാകമരം വെട്ടിമാറ്റുന്നതിന് ബഹു. ചെയർപേഴ്സൺ–ന്റെ മുൻകൂർ അനുമതി പ്രകാരം ഹാൻഡ് ക്വട്ടേഷൻ സ്വീകരിച്ച് ടി. മരം വെട്ടി മാറ്റുകയും, ആയതിന് ചെലവായ 6,000/- രൂപ നൽകുകയും ചെയ്തിട്ടുള്ള നടപടി സാധൂകരണത്തിന് ബഹു. കൗൺസിൽ മുമ്പാകെ.

**അജണ്ട:** 5

H1-640/17

വിഷയം : നഗരസഭ 3–ാം വാർഡിൽ 311 A നമ്പർ (പുതിയ വാർഡ് നമ്പർ) കെട്ടിടത്തിൽ 50 H.P. മോട്ടോർ സ്ഥാപിച്ച് പ്ലാസ്റ്റിക് ബോട്ടിൽ നിർമ്മിയ്ക്കുന്നതിന് ലൈസൻസിനായി ശ്രീ. ആൽബി ബേബി, കളത്തിൽ ഹൗസ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് :

1. ടി കെട്ടിടം 50 H.P. മോട്ടോർ സ്ഥാപിച്ച് പ്ലാസ്റ്റിക് ബോട്ടിൽ നിർമ്മാണം നടത്തുന്നതിന് അനുയോജ്യമാണെന്ന് നഗരസഭ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
2. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 450 (H) പ്രകാരം 5 H.P. യിൽ കൂടുതൽ പ്രവർത്തിപ്പിയ്ക്കുന്നതിന് കൗൺസിൽ അനുമതി ആവശ്യമാണ്.
3. ടി. വിഷയം ബഹു. കൗൺസിലിൽ സമർപ്പിയ്ക്കുന്നതിന് 03.07.2017 തീയതിയിലെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്.
4. ടി. വിഷയം 18.07.2017 കൗൺസിൽ യോഗത്തിൽ അടുത്ത കൗൺസിൽ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

**അജണ്ട:** 6.

H1-7144/17

വിഷയം : നഗരസഭ ശുചീകരണ വിഭാഗത്തിലെ CLR തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് ടി. വിഭാഗം ജീവനക്കാർ സമർപ്പിച്ച അപേക്ഷ ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് :

1. ടി. വിഭാഗത്തിൽ 17 തൊഴിലാളികളാണ് ജോലി ചെയ്തുവരുന്നത്.
2. CLR തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്.

3. 21.07.2017 തീയതിയിലെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ടി. വിഷയം ബഹു. കൗൺസിൽ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

**അജണ്ട: 7.**

A2-1803/14

വിഷയം : ഏലൂർ നഗരസഭ – പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 16.03.2017 തീയതിയിലെ M1/50977/2016/DP1 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2016-17 അദ്ധ്യയന വർഷത്തിൽ കൂടിയ നിരക്കിലുള്ള ഹോണറേറിയത്തിന്റെ ബാലൻസ് തുക അനുവദിക്കണമെന്ന ബഡ്സ് സ്ക്കൂൾ അദ്ധ്യാപികമാരായ ശ്രീമതി ബേബി ജോൺ, ശ്രീമതി സന്ധ്യാ മോഹൻദാസ് ഹെൽപ്പർമാരായ ശ്രീമതി അംബിക സതീശൻ, ശ്രീമതി സീനത്ത് റ്റി. കെ. എന്നിവരുടെ അപേക്ഷ കൗൺസിൽ പരിഗണനയ്ക്ക്.

കുറിപ്പ് :

1. 23.06.2017–ലെ നഗരസഭാ കൗൺസിലിന്റെ 21–ാം നമ്പർ തീരുമാനപ്രകാരം വർദ്ധിപ്പിച്ച ഹോണറേറിയം 01.04.2017 മുതൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.
2. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് ഇറങ്ങിയിട്ടുള്ളത് 16.03.2017 തീയതിയിൽ ആണ്. ആകയാൽ 2016-17 അദ്ധ്യയന വർഷം മുതൽ പുതുക്കിയ നിരക്ക് അനുവദിക്കുവാൻ സാധിക്കുമോ എന്ന് DPI / ICDS Supervisor-ടെ അഭിപ്രായം തേടാവുന്നതാണ്.

**അജണ്ട: 8.**

G2-5731/17

വിഷയം : ബഹു. സർക്കാരിന്റെ 23.06.2007 തീയതിലെ ഉത്തരവ്(എം.എസ്.)നം.31/07 പ്രകാരമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി നഗരസഭാ ജനജാഗ്രതാ സമിതികൾ പുന:സംഘടിപ്പിക്കുന്നതിന് എല്ലാ കൗൺസിലർമാർക്കും നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഏലൂർ നഗരസഭാ ICDS സൂപ്പർവൈസറുടെ കത്ത് ബഹു. കൗൺസിൽ പരിഗണനയ്ക്ക്.

കുറിപ്പ് : 27.06.2017 തീയതിയിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 7–ാം നമ്പർ തീരുമാനപ്രകാരം ടി. യോഗത്തിൽ വച്ച് നിർദ്ദേശിക്കപ്പെട്ട പേരുകളുടെ ലിസ്റ്റ് കൗൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**അജണ്ട: 9.**

PW3-639/10

വിഷയം : ഏലൂർ നഗരസഭ – അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് ആവശ്യമായ ബൂട്ട്, ഗ്ലൗസ്, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ

മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചു. ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ “Annette enterprises”–ന്റെ ക്വട്ടേഷൻ 25.07.2017 തീയതിയിലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 4–ാം നമ്പർ തീരുമാനമായി അംഗീകരിക്കുകയും ടി. വിഷയം കൗൺസിൽ പരിഗണനയ്ക്ക് ശുപാർശ ചെയ്തിട്ടുള്ളതുമാണ്. ആയതിനാൽ Annette enterprises–ന്റെ ക്വട്ടേഷൻ ബഹു. കൗൺസിൽ പരിഗണനയ്ക്ക്

കുറിപ്പ് : ലഭിച്ച ക്വട്ടേഷനുകളുടെ തുകകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | Names | Gloves | Gum Boot | First Aid Box |
|---|---|---|---|---|
| 1. | Anette enterprises | 110 | 570 | 390 |
| 2. | Austin Associates | 115 | 585 | 550 |
| 3. | Aiswariya Agencies | 135 | 750 | 500 |

**അജണ്ട: 10.**

G2-7358/17

വിഷയം : ഏലൂർ നഗരസഭ 29-ാം വാർഡ് കൗൺസിലർ – ശ്രീമതി ആഗ്നസ് ജോസഫ് 25.07.2017 തീയതിയിൽ കൗൺസിലർ സ്ഥാനം രാജിവച്ച വിവരം ബഹു. കൗൺസിൽ അറിവിലേയ്ക്ക്.

**അജണ്ട: 11.**

A1-7398/17

വിഷയം : നഗരസഭയിൽ പ്രവർത്തിച്ചുവന്നിരുന്ന അക്കൗണ്ടിംഗ് പ്രൊഫഷണൽ (C-BULB) ജീവനക്കാരുടെ സേവനം നിലനിർത്തുന്നത് സംബന്ധിച്ച്.

കുറിപ്പ് :

1. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്ത് വരുന്ന C-BULB ജീവനക്കാരുടെ സേവനം 2017 ജൂൺ മാസം 30–ാം തീയതി അവസാനിച്ചിരിക്കുകയാണ്. ടി. ജീവനക്കാരുടെ കരാർ കാലാവധി സർക്കാർ പുതുക്കി നൽകിയിട്ടില്ല.
2. നഗരസഭയിൽ അക്കൗണ്ടന്റ് തസ്തിക നിലവിലില്ലാത്തതിനാൽ നഗരസഭയുടെ അക്കൗണ്ട്സ് സംബന്ധമായ പ്രവർത്തികൾക്ക് ടി. ജീവനക്കാരുടെ സേവനം അനിവാര്യമാണ്. ആയതിനാൽ വാർഷിക ധനകാര്യ പത്രിക, ബഡ്ജറ്റ്, ട്രഷറി റീകൺസീലിയേഷൻ തുടങ്ങിയവയുടെ കൃത്യത ഉറപ്പുവരുത്താൻ ടി. പ്രൊഫഷണൽ ജീവനക്കാരിയെ നിലനിർത്തേണ്ടതുണ്ട്.
3. ടി. ജീവനക്കാരെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, നഗരകാര്യ ഡയറക്ടർ എന്നിവർന്ന് കത്ത് നൽകിയിട്ടുള്ളതാണ്.
4. 11.04.2017 തീയതിയിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇവരുടെ സേവനം അനിവാര്യമാണെങ്കിൽ തനതുഫണ്ടിൽ നിന്നും

ശമ്പളം നൽകാമെന്ന വ്യവസ്ഥയിൽ ഇവരെ തുടരാൻ അനുവദിക്കുന്ന വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിൽ ശുപാർശ ചെയ്യാമെന്ന കാര്യം തീരുമാനിച്ചിട്ടുള്ളതാണ്.

**അജണ്ട:** 12.

G1-6093/17

23.06.2017 തീയതിയിലെ 15–ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഏലൂർ നഗരസഭയിലെ ഡ്രൈവർമാരുടെ ഒഴിവിലേയ്ക്ക് ഡ്രൈവർമാരെ ദിവസവേതാനാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിലേയ്ക്കായി 24.07.2017–ന് നടത്തിയ ഇന്റർവ്യൂവിൽ 5–പേർ ഹാജരാവുകയുണ്ടായി. ഓരോരുത്തർക്കും ഇന്റർവ്യൂവിൽ ലഭിച്ച മാർക്കിന്റെ ലിസ്റ്റ് ബഹു. കൗൺസിലിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

| ക്രമ നമ്പർ | പേര് | ലഭിച്ച മാർക്ക് |
|---|---|---|
| 1. | നിയാസ് പി. എസ്. | 107 |
| 2. | മാഹിൻ കെ. എ. | 107 |
| 3. | മുഹമ്മദ് ഷാഹിൻ | 106 |
| 4. | എം. എ. നിഷാദ് | 43 |
| 5. | സുധീഷ് സി. എൻ. | 55 |

കുറിപ്പ് :
1. ടി. ആവശ്യത്തിലേയ്ക്ക് 08.07.2017 തീയതിയിൽ പത്ര പരസ്യം നൽകി അപേക്ഷ ക്ഷണിച്ചിട്ടുള്ളതാണ്.
2. പരമാവധി 89 ദിവസത്തിനുള്ളിൽ കവിയാത്ത കാലയളവിലേക്കാണ് ഡ്രൈവർമാരെ നിയോഗിക്കുന്നത്
3. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാകുന്നമുറയ്ക്ക് എംപ്ലോയ്മെന്റ് ലിസ്റ്റ് പ്രകാരം താത്കാലിക നിയമനം നടത്താവുന്നതാണ്.
4. സർക്കാർ അനുമതി തേടി 24.06.2017-ൽ കത്ത് നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ലാത്തതാണ്.

**അജണ്ട:13**

വിഷയം : ഏലൂർ നഗരസഭ ജൂൺ മാസത്തെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളിലെ മിനിറ്റ്സ് അംഗീകാരത്തിനായി.

കുറിപ്പ് : ടി. വിഷയം 18.07.2017 കൗൺസിൽ യോഗത്തിൽ അടുത്ത കൗൺസിൽ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.